# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3204 — 25-06-2012-ൽ മറുപടിയ്ക്ക്

## മുന്നോക്ക വികസന കോർപ്പറേഷൻ

ചോദ്യം

ശ്രീ. ജി. സുധാകരൻ
ശ്രീ. വി. ശിവൻകുട്ടി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എം. ഹംസ

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | മുന്നോക്ക വികസന കോർപ്പറേഷൻ വഴി സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) & (ബി) | 100 കോടി രൂപ അംഗീകൃത മൂലധനത്തോടെ മുന്നോക്ക വികസന കോർപ്പറേഷൻ രൂപീകരിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കോർപ്പറേഷന്റെ പേരിന് രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന് ശേഷം കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കുന്നതാണ്. |
| (ബി) | കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | | |
| (സി) | കോർപ്പറേഷന് ഇതിനകം എത്ര ഫണ്ട് അനുവദിക്കുകയുണ്ടായി; | (സി) | 2011-2012 സാമ്പത്തിക വർഷത്തിൽ സംസ്ഥാന കണ്ടിജൻസി ഫണ്ടിൽ നിന്നും 72 ലക്ഷം രൂപയും, ഈ സാമ്പത്തിക വർഷം (2012-13) ഇതുവരെയായി 75 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ഡി) | സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന എത്ര പേർക്ക് സഹായം ലഭ്യമാക്കുകയുണ്ടായി; എന്തെല്ലാം സ്കീമുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്? | (ഡി) | കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതികളൊന്നും തന്നെ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ